(ബി) ഫോം 'ജി'-യിൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് നിശ്ചിത കാലയളവിൽ വാഹനം നിർത്തിയിട്ടിരിക്കുകയായിരുന്നോ എന്ന കാര്യം ഡിപ്പാർട്ട്മെന്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇടയ്ക്കിടെ സ്ഥലം സന്ദർശിച്ച് അന്വേഷിച്ച് ഉറപ്പ് വരുത്തുന്നതാണ്.

(സി) 194607 ദിവസം.

(ഡി) ഫോം 'ജി'-യുടെ അടിസ്ഥാനത്തിൽ നിർത്തിയിടുന്ന മിക്ക വാഹനങ്ങൾക്കും പകരം വേറെ വാഹനങ്ങൾ ഓടിക്കുന്നതിനാൽ നികുതി നഷ്ടം ഉണ്ടാകുന്നതായി കരുതുവാൻ കഴിയില്ല. കൂടാതെ ഓടുന്ന വാഹനങ്ങൾക്കാണ് നികുതി ഏർപ്പെടുത്തിയിരിക്കുന്നതെന്നതിനാൽ ഇളവ് നൽകുന്ന നികുതി നഷ്ടമായി കണക്കാക്കുവാനും കഴിയില്ല. 2004-ൽ 6.27 കോടി രൂപ ഈ ഇനത്തിൽ നികുതിയിളവായി നൽകിയിട്ടുണ്ട്.

ആർ.ടി. ഓഫീസുകളിൽ സ്റ്റേഷനറി സാധനങ്ങളുടെ അപര്യാപ്തത

78 [565] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച ആർ.ടി. ആഫീസുകളുടെയും സബ് ആർ.ടി. ആഫീസുകളുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ കമ്പ്യൂട്ടർവൽക്കരിച്ച ആർ.ടി. ആഫീസുകളിലും സബ് ആർ.ടി. ആഫീസുകളിലും സ്റ്റേഷനറി സാധനങ്ങൾ ലഭ്യമല്ലാത്തതുകാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം ആർ.ടി. ഓഫീസുകൾ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(ബി) സ്റ്റേഷനറി സാധനങ്ങൾ കിട്ടാതുകാരണം പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വാഹനങ്ങളിൽ നെയിം ബോർഡ്

79 [566] ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാഹനങ്ങളിൽ ആർക്കെല്ലാം നെയിം ബോർഡ് വയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; ഇതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) സർക്കാർ വക വാഹനങ്ങളിൽ 'കേരള സർക്കാർ' എന്നുമാത്രം ബോർഡുകൾ സ്ഥാപിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുടെ പേരുകൾ എഴുതാതിരിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly